പട്ടികജാതി വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

281(982) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പിന്നാക്ക ജനവിഭാഗങ്ങൾക്ക് ചെയ്ത സേവനങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഉൾപ്പെടെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

പട്ടികജാതി -പിന്നോക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

282(983) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പിന്നോക്ക വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതൊക്കെയെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ പുവടെ ചേർക്കുന്നു:

1. മിശ്ര വിവാഹ ധനസഹായം
2. വിവാഹ ധനസഹായം,
3. ചികിത്സാ ധനസഹായം
4. ഭൂരഹിത പുനരധിവാസ പദ്ധതി
5. സ്വയംതൊഴിൽ പദ്ധതി
6. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി
7. ഭവന നിർമ്മാണ ധനസഹായ പദ്ധതി
8. ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി
9. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

(ബി) അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(സി) മേൽ പദ്ധതികൾക്ക് ജില്ലകളിൽ നിന്നുള്ള ആവശ്യത്തിനനുസൃതമായിട്ടാണ് പണം അനുവദിച്ച് നൽകുന്നത്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം

283(984) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം നടന്നുപൊട്ടത് പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) പ്രവേശനം പുനരാരംഭിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇൻകുബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേയ്ക്കാണ് പുതിയ എം.ഒ.യു. എന്ന് വ്യക്തമാക്കുമോ;

---

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.